# പതിമൂന്നാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി XII

## ആരോഗ്യവും കുടുംബക്ഷേമവും

2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ രണ്ടാമത് റിപ്പോർട്ടിലെ
ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

2013 ജൂലൈ 9-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി XII

## ആരോഗ്യവും കുടുംബക്ഷേമവും

2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

1003/2013.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി XII

## ആരോഗ്യവും കുടുംബക്ഷേമവും

## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. എ. എ. അസീസ്

,, ഐ. സി. ബാലകൃഷ്ണൻ

,, പി. കെ. ബഷീർ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. കെ. ദാസൻ

,, എ. റ്റി. ജോർജ്

,, കെ. കുഞ്ഞമ്മത് മാസ്റ്റർ

,, റോഷി അഗസ്റ്റിൻ

,, എം. പി. അബ്ദുസ്സമദ് സമദാനി*

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

,, രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി

,, ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി.

*2013 ജൂൺ 17-ാം തീയതിയിലെ ബുള്ളറ്റിൻ ഭാഗം-2 നമ്പർ 428 പ്രകാരം നാമനിർദ്ദേശം ചെയ്തു.

## അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ചെയർമാനായ ഞാൻ 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 236-ാം ചട്ടത്തിന്റെ 5-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിലുള്ള ധനാഭ്യർത്ഥന നമ്പർ XVIII (വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും), XIX (കുടുംബക്ഷേമം), XXX (ഭക്ഷ്യം-2236-പോഷകാഹാരം) എന്നിവയുടെ 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2012 ജൂൺ 11-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിനെ സംബന്ധിച്ച 2012-13-ലെ റിപ്പോർട്ടിൽ ആകെ 31 ശുപാർശകളാണ് ഉണ്ടായിരുന്നത്. അവയിൽ 10,11,12,19,20,21,24,25 എന്നീ ഖണ്ഡികകൾക്കുള്ള മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി സമിതിയുടെ 12-2-2013, 8-7-2013 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്തിൽ സർക്കാരിൽനിന്നും ലഭിച്ച അനന്തരനടപടി സ്റ്റേറ്റ്മെന്റിൽ സമിതി അംഗീകരിച്ച വിവരങ്ങളും രണ്ടാം ഭാഗത്തിൽ സമിതിയുടെ ശുപാർശകളിന്മേൽ അനന്തരനടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവയുടെ വിവരവും ഉൾപ്പെടുത്തിയിരിക്കുന്നു.

4. 2013 ജൂലൈ 8-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. എസ്. ശിവകുമാർ,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2013 ജൂലൈ 8.

# റിപ്പോർട്ട്

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആരോഗ്യ-കുടുംബക്ഷേമവകുപ്പുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി XII-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തരനടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## ഭാഗം I

## സമിതിയുടെ ശുപാർശകളും ഗവൺമെന്റിൽനിന്ന് ലഭിച്ച മറുപടികളും

### വൈദ്യസഹായവും പൊതുജനാരോഗ്യവും

ശുപാർശ

ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ 5 സർക്കാർ നഴ്സിംഗ് കോളേജുകളിലും ഡിപ്പാർട്ടുമെന്റലൈസേഷൻ സ്കീം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

ഡിപ്പാർട്ടുമെന്റലൈസേഷൻ സ്കീം നടപ്പിലാക്കാനുള്ള നടപടി പരിഗണനയിലാണ്.

ശുപാർശ

സംസ്ഥാനത്തെ അഞ്ച് നഴ്സിംഗ് കോളേജുകളിൽ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന തിനും, നഴ്സിംഗ് സർവ്വീസിന്റെ ഗുണനിലവാരം ഉയർത്തുന്നതിലേക്കുമായി ഒരു ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നഴ്സിംഗ് സർവ്വീസ് തസ്തിക സൃഷ്ടിക്കാനും സമിതി ശുപാർശ ചെയ്യുന്നു. ഡയറക്ടറേറ്റിൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്ന തിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

സർക്കാർ നഴ്സിംഗ് കോളേജുകളിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ മാനദണ്ഡമനുസരിച്ചുള്ള ആവശ്യമായ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഇപ്പോൾ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക നിലവിലുള്ളതിനാൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നഴ്സിംഗ് സർവ്വീസ് തസ്തികയുടെ ആവശ്യകത ഇല്ല.

വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം പരിഗണിച്ചുവരുന്നു.

ശുപാർശ

2210-02-101-97—മറ്റാശുപത്രികളും

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള 761 ആയുർവ്വേദ ഡിസ്പെൻസറികൾ, 115 ആശുപത്രികൾ, വർക്കല പ്രകൃതി ചികിത്സാ ആശുപത്രി, ആലപ്പുഴ പഞ്ചകർമ്മ എന്നിവയ്ക്ക് ആവശ്യമായ ഔഷധങ്ങൾക്ക് വിലകൂടിയതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടുതൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

നിലവിലുള്ള സാമ്പത്തികസ്ഥിതി പരിഗണിച്ച് സമിതി ശുപാർശ ചെയ്ത അധിക തുക അനുവദിക്കുവാൻ നിർവ്വാഹമില്ല.

ശുപാർശ

പി. ജി. വിദ്യാർത്ഥികളുടെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും സ്റ്റൈപ്പന്റ് നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്തതിനാൽ പദ്ധതിയിതരയിനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 90 ലക്ഷം രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം 2210-05-101-95(12) ശീർഷകത്തിൽ 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

ഗവൺമെന്റ് ആയുർവ്വേദ കോളേജിലേക്കും ഫാർമസിയിലേക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ, ലാബ് ഉപകരണങ്ങൾ, രാസവസ്തുക്കൾ, രോഗികൾക്കാവശ്യ മായ മരുന്നുകൾ, ഔഷധിയിൽനിന്ന് വാങ്ങുന്ന മരുന്നുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ബഡ്ജറ്റ് വിഹിതത്തിൽ 10 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തിട്ടുള്ള തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

പുതിയ ആശുപത്രി സമുച്ചയത്തിലെ എല്ലാനിലകളും പ്രവർത്തനസജ്ജമായതോടെ കിടപ്പുരോഗികളുടെ എണ്ണം വർദ്ധിക്കുമെന്നതിനാൽ അവർക്ക് നൽകേണ്ട ആഹാര

സാധനങ്ങൾ, പാചകത്തിന് ആവശ്യമായ പാചകവാതകം, മരുന്നുകൾ, ഉപകരണങ്ങൾ, ശുചീകരണത്തിനാവശ്യമായ വസ്തുക്കൾ എന്നിവ വാങ്ങുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചില്ല.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ശുപാർശ

2210-06-104-98—ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ആയുർവ്വേദ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ആകെ മൂന്ന് ഡ്രഗ്സ് ഇൻസ്പെക്ടർമാരാണ് ഉള്ളത്. ഈ മൂന്ന് ഇൻസ്പെക്ടർമാരെക്കൊണ്ട് ശരിയായ രീതിയിൽ സാമ്പിൾ ശേഖരിക്കുന്നതിനും പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്തുന്നതിനും വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൂടാതെ ഇൻസ്പെക്ഷൻ നടത്തുന്നതിനാവശ്യമായ വാഹനസൗകര്യം ഇല്ല. ആയതിനാൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ശക്തിപ്പെടുത്തുന്നതിലേക്കായി ഓരോ ജില്ലയിലും ഓരോ ആയുർവ്വേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ നിയമിക്കണമെന്നും വകുപ്പിന് ആവശ്യമായ വാഹനസൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നിലവിൽ 1200-ൽ അധികം ആയുർവ്വേദ മരുന്ന് നിർമ്മാണ യൂണിറ്റുകൾ ഉണ്ട്. ഇവയുടെ പരിശോധനയ്ക്ക് നിലവിലുള്ള 4 ഡ്രഗ്സ് ഇൻസ്പെക്ടർമാർ അപര്യാപ്തമായതിനാൽ ഈ വകുപ്പിലേക്ക് 4 ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകൾകൂടി അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് [സ.ഉ.(കയ്യെ.) 307/12/ ആകുവ. 19-9-12]. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും വാഹനങ്ങൾ ഓഫീസ് ആവശ്യത്തിന് വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് 34.2 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ശുപാർശ

2210-05-800-89-35—റീജിയണൽ കാൻസർ സെന്റർ

പ്രതിവർഷം 14000-ത്തോളം രോഗികൾ പുതിയതായി ചികിത്സയ്ക്കെത്തുന്ന റീജിയണൽ കാൻസർ സെന്ററിൽ ഓരോ വർഷവും നിർദ്ധനരായ രോഗികളുടെ സൗജന്യ ചികിത്സയ്ക്കായി 11 കോടിയോളം രൂപ ചെലവാക്കുന്നു. സൗജന്യ ചികിത്സ സുഗമമായി നടത്തിക്കൊണ്ടുപോകാൻ പദ്ധതിയിനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധിക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

നിർദ്ധനരായ രോഗികളുടെ സൗജന്യചികിത്സ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി പദ്ധതിയിനത്തിൽ 10 കോടി രൂപ അധികഗ്രാന്റായി വകയിരുത്താൻ കമ്മിറ്റി ശുപാർശ ചെയ്തു. പ്രസ്തുത തുക പദ്ധതിയേതര ഇനത്തിൽ അനുവദിച്ചുതരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് റീജിയണൽ കാൻസർ സെന്റർ അപേക്ഷിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2210-05-800-79-09—മലബാർ കാൻസർ സെന്റർ സൊസൈറ്റി

കാൻസർ രോഗം കൂടുതലായി കണ്ടുവരുന്ന മലബാർ മേഖലയിലെ നിർദ്ധനരായ കാൻസർ രോഗികൾക്ക് വളരെ പരിമിതമായ ചികിത്സ ലഭിക്കുന്നതിനാൽ ദൂരെ സ്ഥലങ്ങളിലെ ആശുപത്രികളെ ചികിത്സയ്ക്കായി ആശ്രയിക്കേണ്ടിവരുന്നു. ചികിത്സയ്ക്കാവശ്യമായ ആധുനിക സജ്ജീകരണങ്ങൾ മലബാർ കാൻസർ സെന്ററിൽ ഏർപ്പെടുത്തുന്നത് ഇത്തരം രോഗികൾക്ക് വളരെയേറെ ഗുണം ചെയ്യുന്നതാണ്. ബഡ്ജറ്റ് വിഹിതമായി മലബാർ കാൻസർ സെന്ററിന് വകയിരുത്തിയിട്ടുള്ള തുക പരിമിതമായതിനാൽ നൂതന ചികിത്സാ സംവിധാനമായ ന്യൂക്ലിയർ മെഡിസിന്റെ രണ്ടാംഘട്ട വികസനം, ലൈബ്രറി ബിൽഡിംഗിന്റെ ഒന്നാംഘട്ട നിർമ്മാണം, നഴ്സിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണം, ലബോറട്ടറി നിർമ്മാണം രണ്ടാംഘട്ടം എന്നിവയ്ക്കായി 18 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

നിലവിലുള്ള വിഹിതം പൂർണ്ണമായി വിനിയോഗിച്ചശേഷം സാമ്പത്തികാസൂത്രണ വകുപ്പിന്റെ ശുപാർശയോടെ ഉചിതമായ ധനപുനർവിന്യാസ നിർദ്ദേശം ലഭ്യമാക്കാൻ ഡയറക്ടർ, മലബാർ കാൻസർ സെന്ററിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

2210-80-190-99 (NP)—കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

ശുപാർശ

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച നിയമസഭാ കമ്മിറ്റി ശുപാർശ ചെയ്തിരുന്ന പ്രകാരം ജീവൻരക്ഷാ മരുന്നുകളും കാൻസർ പോലുള്ള മാരകരോഗങ്ങൾക്കുള്ള വിലകൂടിയ മരുന്നുകളും നിർമ്മാതാക്കളിൽ നിന്നും നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്നതിനായി ആരംഭിച്ച പദ്ധതിയുടെ മൂലധനച്ചെലവിനായി 50 കോടി രൂപ കൂടി കോർപ്പറേഷന് വകയിരുത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടായിരുന്നെങ്കിലും നാളിതുവരെ ഈ തുക ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

കമ്മിറ്റി ശുപാർശ ചെയ്ത 50 കോടി രൂപ പദ്ധതി വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

2210-10-05-105-18—സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സീ-മെറ്റ്)

ശുപാർശ

ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ നിലവാരം നിലനിർത്തുന്നതിന് നിശ്ചിതമായ നിബന്ധനകൾ പാലിക്കുന്നതിലേക്കായി മെഷിനറി, ലബോറട്ടറി, ലാബിനാവശ്യമായ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, പഠനസഹായ ഉപകരണങ്ങൾ, പാഠപുസ്തകങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച 50 ലക്ഷം രൂപ അപര്യാപ്തമാണ്. സീ-മെറ്റിന് പള്ളുരുത്തിയിലും മലമ്പുഴയിലും രണ്ട് നഴ്സിംഗ് കോളേജ് പണിയുന്നതിന് എൻ.ആർ.എച്ച്.എം. വഴി 11.38 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക എൻ.ആർ.എച്ച്.എം-ന് തിരികെ നൽകേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

19.31 കോടി രൂപയ്ക്കുള്ള സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാന്റ്സിനുള്ള പ്രൊപ്പോസൽ SI-MET സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രൊപ്പോസലിൻമേൽ ഉചിതമായ നടപടി സ്വീകരിച്ചുവരുന്നു.

## ഭാഗം II

## ആരോഗ്യം

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ മറുപടി ലഭിക്കാത്തവ:

| *ക്രമ നമ്പർ* | *വകുപ്പ്* | *ശുപാർശ ഖണ്ഡിക* |
|---|---|---|
| 1 | ആരോഗ്യ വകുപ്പ് | 1, 2, 3, 4, 5 |
| 2 | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 6, 7, 8, 9 |
| 3 | ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 13 |
| 4 | ഹോമിയോപ്പതി വകുപ്പ് | 17 |
| 5 | ഡ്രഗ്സ് കൺട്രോൾ വകുപ്പ് | 18 |
| 6 | കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി | 22 |
| 7 | കേരള ഹാർട്ട് ഫൗണ്ടേഷൻ | 23 |
| 8 | കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റി | 26 |
| 9 | ചൈൽഡ് ഡവലപ്മെന്റ് സെന്റർ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 27 |
| 10 | ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് | 28 |
| 11 | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിറ്റീവ് ആന്റ് കോഗ്നിറ്റീവ് ന്യൂറോസയൻസ് (ഐക്കോൺസ്) | 30 |
| 12 | നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (എൻ.ആർ.എച്ച്.എം.) | 31 |
| 13 | ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് | 32 |

വി. എസ്. ശിവകുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2013 ജൂലൈ 8.